# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം
### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1525 06.03.2018 ൽ മറുപടിയ്ക്ക്

**പൊതുവാഹനങ്ങൾ ഓടിക്കുന്നതിനുള്ള ബാഡ്ജ്**

| ചോദ്യം<br>ശ്രീ.പി.ടി.എ. റഹീം | | മറുപടി<br>ശ്രീ.എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ഡ്രൈവർമാർക്ക് പൊതുവാഹനങ്ങൾ ഓടിക്കുന്നതിനുള്ള ബാഡ്ജ് ലഭിക്കുന്നതിന് വിദ്യാഭ്യാസ യോഗ്യത മാനദണ്ഡമായി നിശ്ചയിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ; | (എ) | ഉണ്ട്. മിനിമം വിദ്യാഭ്യാസ യോഗ്യത എട്ടാം സ്റ്റാന്റേർഡ് ജയിച്ചിരിക്കണമെന്ന് 1989 -ലെ കേന്ദ്ര മോട്ടോർ വാഹന ചട്ടം 8 പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. |
| (ബി) | ഗൾഫ് പ്രതിസന്ധിയും സാമ്പത്തിക രംഗത്തെ പ്രശ്നങ്ങളും കാരണം തൊഴിൽ നഷ്ടപ്പെട്ടതിനാൽ സ്വയം തൊഴിൽ ആയി പൊതുവാഹനം ഓടിക്കാൻ ഉദ്ദേശിക്കുന്നവർക്ക് ഇക്കാര്യത്തിൽ ഇളവ് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (ബി) | കേന്ദ്ര മോട്ടോർ വാഹന നിയമത്തിന്റെ പരിധിയിൽ വരുന്ന വിഷയമായതിനാൽ ഈ വിഷയത്തിൽ സംസ്ഥാന സർക്കാരിന് ഇളവ് നൽകാൻ കഴിയില്ല. |
| (സി) | വിദ്യാഭ്യാസ യോഗ്യത മാനദണ്ഡമായി നിശ്ചയിച്ചുകൊണ്ടുള്ള ഉത്തരവ് ഇറങ്ങിയത് എന്നാണെന്ന് വിശദമാക്കുമോ; | (സി) | കേന്ദ്ര സർക്കാരിന്റെ 10.04.2007-ലെ G.S.R.276(E) നമ്പർ ഉത്തരവ് പ്രകാരമാണ് വിദ്യാഭ്യാസ യോഗ്യത സംബന്ധിച്ച മാനദണ്ഡം നിശ്ചയിച്ചിട്ടുള്ളത്. |
| (ഡി) | 1990 ന് മുമ്പ് സ്കൂൾ വിദ്യാഭ്യാസം നിർത്തിപ്പോയവർക്ക് ഇക്കാര്യത്തിൽ ഇളവ് നൽകാൻ നടപടി സ്വീകരിക്കുമോ? | (ഡി) | ഈ വിഷയത്തിൽ നടപടി സ്വീകരിക്കേണ്ടത് കേന്ദ്ര സർക്കാർ ആണ്. |

സെക്ഷൻ ഓഫീസർ